**അവശകലാകാരന്മാർക്ക് ക്ഷേമപദ്ധതികൾ**

75 (2377) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശകലാകാരൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കൂടുതൽ പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 50 വയസ്സിൽ കൂടുതൽ പ്രായമുള്ള കലാകാരന്മാരുടെ ക്ഷേമത്തിനായി പ്രതിമാസം 1,500/-(ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപാ നിരക്കിൽ കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. സംസ്ഥാന കലാകാര പെൻഷനും അടിയന്തര ചികിത്സാ ധനസഹായത്തിനുമുള്ള വരുമാന പരിധി 1,00,000/-രൂപയാക്കി ഉയർത്തിയും ചികിത്സാ ധനസഹായം പരമാവധി 1,00,000/-രൂപയാക്കി ഉയർത്തിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബ) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്**

76 (2378) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഈ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യത്തിലധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹിക രാഷ്ട്രീയ അവബോധവും കേരളത്തിലെ ജനങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിനുംവേണ്ടിയാണ് പാർലമെന്ററികാര്യ വകുപ്പിന് കീഴിൽ 2003-ൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. ആരോഗ്യകരമായ പാർലമെന്ററി ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതുസമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതുതാല്പര്യമുള്ള ചരിത്രപരമായും രാഷ്ട്രീയ/സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുകയും ചെയ്യുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുക, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി&സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. ആരോഗ്യകരമായ പാർലമെന്ററികാര്യ ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതുസമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതുതാൽപ്പര്യമുള്ള, ചരിത്രപരമായും രാഷ്ട്രീയ/സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടപ്പിക്കുക, വിജയികൾക്ക് മികച്ച പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ് നടത്തുക, ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ച് സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ നടത്തുക, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്, പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2017-18 അദ്ധ്യയന വർഷാരംഭത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രോഗ്രാമുകൾ നടത്തേണ്ടുന്ന സ്കൂളുകളുടെ പട്ടിക ആവശ്യപ്പെട്ട് സർക്കാർ തലത്തിൽത്തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് കത്ത് നൽകുകയും പട്ടിക ലഭ്യമായശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സഹകരണത്തോടെ അവരുടെ മണ്ഡലത്തിലെ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പ്രോഗ്രാമുകൾ നടത്തുവാൻ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. പാർലമെന്ററി പ്രക്രിയയെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്റർ (PICR) ആക്കി ഉയർത്തുന്ന കാര്യവും പരിഗണനയിലാണ്. പാർലമെന്ററി സംവിധാനത്തെപ്പറ്റി സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 'മോഡൽ പാർലമെന്റ്' കുടുംബശ്രീ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതിനുള്ള പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി വരുന്നു. 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലേയും 4 സ്കൂളുകളിലും ഒരു ജില്ലയിലെ രണ്ട് കോളേജുകളിലുംവീതം മതേതര ജനാധിപത്യത്തെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് തുടക്കംകുറിച്ചിട്ടുണ്ട്. കൂടാതെ മുൻമുഖ്യമന്ത്രിമാരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നു.

**കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കാനുദ്ദേശിക്കുന്ന തിയേറ്റർ സമുച്ചയങ്ങൾ**

77 (2379) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കാനുദ്ദേശിക്കുന്ന തിയേറ്റർ സമുച്ചയങ്ങൾക്ക് സമാനമായി മറ്റ് കലാ സാംസ്കാരിക സാഹിത്യ പരിപാടികൾക്കായി ഒരു സാംസ്കാരിക സമുച്ചയം വാമനപുരം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ സമുച്ചയ നിർമ്മാണ പ്രോജക്ടിനൊപ്പം ചേർത്തുകൊണ്ട് ടി സാംസ്കാരിക സമുച്ചയങ്ങളും നിർമ്മിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും കിഫ്ബിയുടെ പ്രത്യേക സാമ്പത്തിക സഹായത്തോടെ സാംസ്കാരിക നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിക്ക് ഇപ്പോൾ തുടക്കംകുറിച്ചിട്ടുണ്ട്. വാമനപുരത്ത് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly